**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68** **12-06-2024 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ മത്സ്യമേഖലയിൽ നടപ്പാക്കി വരുന്ന പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജനയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2020-21 വർഷം മുതലാണ് പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതി നടപ്പാക്കി തുടങ്ങിയത്. അതുവരെ നടപ്പിലാക്കിയിരുന്ന കേന്ദ്ര ധനസഹായ പദ്ധതിയായിരുന്ന ബ്ലൂ റവല്യൂഷൻ പദ്ധതി പുനർനാമകരണം ചെയ്തും പരിഷ്കരിച്ചുമാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.<br><br>2020-21 വർഷം പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് അംഗീകാരം ലഭിച്ച 8 പദ്ധതികളിൽ 4 എണ്ണം ഗുണഭോക്തൃ പദ്ധതികളും 4 എണ്ണം നോൺ ബെനിഫിഷ്യറി പദ്ധതികളുമായിരുന്നു.<br><br>2021-22 വർഷം 11 ഗുണഭോക്തൃ പദ്ധതികളും 2 നോൺ ബെനിഫിഷ്യറി പദ്ധതികളും ഉൾപ്പെടെ 13 പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്.<br><br>2022-23 വർഷം 29 ഗുണഭോക്തൃ പദ്ധതികളും 11 നോൺ ബെനിഫിഷ്യറി പദ്ധതികളും ഉൾപ്പെടെ 40 പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്.<br><br>2023-24 വർഷം 29 ഗുണഭോക്തൃ പദ്ധതികളും 12 നോൺ ബെനിഫിഷ്യറി പദ്ധതികളും ഉൾപ്പെടെ 41 പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്.<br><br>പദ്ധതികളുടെ പുരോഗതി വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും എന്തു തുക ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷം മുതൽ 2023-24 വർഷം വരെ കേരള സർക്കാർ 254609.483 ലക്ഷം രൂപ അടങ്കൽ തുക വരുന്നതും |

| | | | |
|---|---|---|---|
| | | | 136584.90 ലക്ഷം രൂപക്കുള്ള കേന്ദ്ര വിഹിതവും ഉൾപ്പെടുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ആയതിൽ 97223.87 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചു. ഇതിൽ 40684.324 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. 2020 മുതൽ 2024 വരെയുള്ള കാലയളവിൽ പദ്ധതി നടത്തിപ്പിനായി മുൻ വർഷങ്ങളിലെ കുടിശ്ശികയായ തുകയും പദ്ധതി നിർവഹണ ചിലവിനായി അനുവദിച്ച തുകയുമായ 7579.785 ലക്ഷം രൂപ ഉൾപ്പെടെ 31915.575 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട് വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യ മേഖലയ്ക്ക് മതിയായ വിഹിതം ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇന്ത്യ മഹാരാജ്യത്തിന്റെ മത്സ്യമേഖലയിൽ ഏറെ പ്രാധാന്യമുള്ള ഒരു മേഖലയാണ് കേരളത്തിന്റെ തീരദേശ മേഖല. പരമ്പരാഗത മത്സ്യത്തൊഴിലാളി കളുടെ ഉന്നമനത്തിനും തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ധാരാളം പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾക്ക് മതിയായ കേന്ദ്ര സഹായം ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതി പ്രകാരം നാളിതുവരെ (2024 -25 വരെ) 187 പദ്ധതികളിലായി 1737.68 കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ച് പദ്ധതികൾ സമർപ്പിച്ചെങ്കിലും 103 പദ്ധതികളിലായി 406.84324 കോടി രൂപയുടെ കേന്ദ്ര വിഹിതം ലഭിക്കേണ്ടതിൽ 243.36 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| **വർഷം** | **അംഗീകരിച്ച കേന്ദ്ര വിഹിതം (ലക്ഷത്തിൽ)** | **ലഭിച്ച കേന്ദ്ര വിഹിതം (ലക്ഷത്തിൽ)** |
|---|---|---|
| 2020-21 | 6906.88 | 800 |
| 2021-22 | 5987.19 | 5148.7 |
| 2022 -23 | 14462.274 | 10399.055 |
| 2023-24 | 13327.98 | 7988.25 |
| മുൻ വർഷങ്ങളിലെ തുകയും നിർവഹണ ചിലവും അനുവദിച്ചത് | | 7579.785 |
| **ആകെ** | **40684.324** | **31915.79** |